**<u>15 -ാം കേരള നിയമസഭ</u>**

**<u>6 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129</u>** **<u>29-08-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ/ ക്ഷീരവികസന വകുപ്പ മുഖേന ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br><u>കൊണ്ടോട്ടി മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u><br><br>കൊണ്ടോട്ടി മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് മുഖേന 2022-23 വർഷത്തിൽ 6 ഹെക്ടർ പുൽകൃഷി, എം.എസ്.ഡി.പി യിൽ ഉൾപ്പെട്ടുത്തി 2 പശു യൂണിറ്റ് -1 (46500/- രൂപ), 5 പശു യൂണിറ്റ്-1 (132000/- രൂപ), WCC യ്ക്ക് ഇൻസെന്റീവ് -80000/-, മെക്കനൈസേഷൻ ആന്റ് മോഡണൈസേഷൻ - 50000/- രൂപ, തൊഴുത്ത് നിർമ്മാണം ഒന്നിന് 50000/-, കറവ യന്ത്രം - 130000/-, കാലിത്തീറ്റ സബ്സിഡിയായി 100000/- രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പ് വഴി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് കാലിത്തീറ്റയ്ക്ക് 500000 രൂപയും, മിൽക്ക് ഇൻസെന്റീവ് നൽകുന്നതിന് കൊണ്ടോട്ടി മുൻസിപ്പാലിറ്റി 200000, വാഴക്കാട് പഞ്ചായത്ത് 200000, വാഴയൂർ 100000, ചെറുകാവ് 200000, പുളിക്കൽ 150000, മുതുവല്ലൂർ 50000, ചീക്കോട് 106000 രൂപയും വകയിരിത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലും കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിലുമായി എത്ര ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പറും തദ്ദേശസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | കൊണ്ടോട്ടി മണ്ഡലത്തിൽ ആകെ 13 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1. **<u>കൊണ്ടോട്ടി മുൻസിപ്പാലിറ്റി - 2</u>**<br><br>• മുണ്ടപ്പലം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 55(D) NON APCOS, കൊണ്ടോട്ടി.പി.ഒ, പിൻ- 673638 |

- മേലെ പറമ്പ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 257(D) APCOS, ചിറയിൽ.പി.ഒ, പിൻ 673638

2. **<u>പുളിക്കൽ ഗ്രാമ പഞ്ചായത്ത് - 1</u>**

- വലിയ പറമ്പ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 264 (D) APCOS, വലിയപറമ്പ്.പി.ഒ, പിൻ 673 637

3. **<u>ചെറുകാവ് ഗ്രാമ പഞ്ചായത്ത് - 2</u>**

- ചെറുകാവ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. F 1924 (D) NON APCOS
- പുഞ്ചപ്പാടം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 198(D) APCOS, പുതുക്കോട്.പി.ഒ, പിൻ 673 634

4. **<u>വാഴയൂർ ഗ്രാമ പഞ്ചായത്ത് - 2</u>**

- അഴിഞ്ഞിലം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 193 (D) APCOS അഴിഞ്ഞിലം.പി.ഒ
- പുഞ്ചപ്പാടം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 199(D) APCOS, വാഴയൂർ ഈസ്റ്റ്.പി.ഒ

5. **<u>വാഴക്കാട് ഗ്രാമ പഞ്ചായത്ത് - 3</u>**

- അനന്തായൂർ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 225 (D) APCOS, വാഴക്കാട്.പി.ഒ, പിൻ 673640
- കണ്ണത്തുംപാറ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 208(D) APCOS,ചെറുവായൂർ.പി.ഒ ,പിൻ673645
- എടവണ്ണപ്പാറ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. 187(D) APCOS, വാഴക്കാട്.പി.ഒ, പിൻ 673 645

6. **<u>മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത് - 1</u>**

- വിളയിൽ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 253 (D) APCOS

7. **<u>ചീക്കോട് ഗ്രാമ പഞ്ചായത്ത് - 2</u>**

- വെട്ടുപാറ-വാവൂർ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 312(D) APCOS

| | | | |
|---|---|---|---|
| | | | • മുണ്ടക്കൽ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം. M 311 (D) APCOS |
| (സി) | കൊണ്ടോട്ടി മണ്ഡലത്തിൽ ആറ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും ആയി എത്ര വെറ്റിനറി ഡിസ്പെൻസറികളും മൃഗാശുപത്രികളും ഉണ്ട് എന്ന് വിശദമാക്കുമോ; | (സി) | ഏഴ് വെറ്ററിനറി ഡിസ്പെൻസറികളും ഒരു വെറ്ററിനറി ഹോസ്പിറ്റലും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ഇവയിൽ ഏതിന്റെയെങ്കിലും ഗ്രേഡ് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചിട്ടില്ല. |
| (ഇ) | ഓമാനൂരിൽ പ്രവർത്തിക്കുന്ന ചീക്കോട് പഞ്ചായത്ത് വെറ്റിനറി ഡിസ്പെൻസറിയുടെ ജീർണിച്ച കെട്ടിടം പുതുക്കിപ്പണിയുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഇ) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്ക് ചീക്കോട് വില്ലേജിൽ പ്രവർത്തിക്കുന്ന ഓമാനൂർ വെറ്ററിനറി ഡിസ്പെൻസറി സ്ഥിതി ചെയ്യുന്ന ക്യാമ്പസ്സിൽ, പുതിയ മൃഗാശുപത്രി നിർമ്മിക്കുന്നതിന് DSR റേറ്റ് 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | ഈ ഡിസ്പെൻസറിയെ ഒരു പോളി ക്ലിനിക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| രാത്രികാല അടിയന്തിര മൃഗചികിത്സാസേവന പദ്ധതി | | |
|---|---|---|
| ക്രമ നം | സ്ഥാപനം | തുക (രൂപയിൽ) |
| 1 | കൊണ്ടോട്ടി മുൻസിപ്പാലിറ്റി | 1,80,000 |
| ഇൻഫെർട്ടിലിറ്റി മാനേജ് മെന്റ് പ്രോഗ്രാം | | |
| 1 | വെറ്ററിനറി ഡിസ്പെൻസറി, വാഴയൂർ | 10000 |
| 2 | വെറ്ററിനറി ഡിസ്പെൻസറി, പുളിക്കൽ | 10000 |
| ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | | |
| 1 | വെറ്ററിനറി ഡിസ്പെൻസറി , വാഴയൂർ | 25000 |
| 2 | വെറ്ററിനറി ഡിസ്പെൻസറി , നെടിയിരിപ്പ് | 25000 |
| 3 | വെറ്ററിനറി ഡിസ്പെൻസറി , ചെറുകാവ് | 25000 |
| ആശുപത്രി വികസന സമിതി | | |
| 1 | വെറ്ററിനറി ഡിസ്പെൻസറി , കൊണ്ടോട്ടി | 1500 |
| 2 | വെറ്ററിനറി ഡിസ്പെൻസറി , നെടിയിരിപ്പ് | 1500 |
| 3 | വെറ്ററിനറി ഡിസ്പെൻസറി , പുളിക്കൽ | 1500 |
| 4 | വെറ്ററിനറി ഡിസ്പെൻസറി , ചെറുകാവ് | 1500 |
| 5 | വെറ്ററിനറി ഡിസ്പെൻസറി , വാഴക്കാട് | 1500 |
| 6 | വെറ്ററിനറി ഡിസ്പെൻസറി , വാഴയൂർ | 1500 |
| 7 | വെറ്ററിനറി ഡിസ്പെൻസറി , ഓമാനൂർ (ചീക്കോട്) | 1500 |
| 8 | വെറ്ററിനറി ഡിസ്പെൻസറി , മുതുവല്ലൂർ | 1500 |

സെക്ഷൻ ഓഫീസർ